# സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ

2025- 2026

ജി. എം. എൽ. പി. എസ്

തിരുത്തി

# അക്കാദമിക്
# മാസ്റ്റർ പ്ലാൻ



## ജി. എം. എൽ. പി. എസ്
## തിരുത്തി

G.M.L.P. SCHOOL
PIN 676 309
Dt 27-07-25
P.O.

REETHA .K.K
PEN: 587145
HEADMISTRESS
GMLP SCHOOL THIRUTHY
P.O. KODINHI - 676 309

# ആമുഖം

മലപ്പുറം ജില്ലയിലെ താനൂർ സബ് ജില്ലയിൽ നന്നമ്പ്ര ഗ്രാമപഞ്ചായത്തിലാണ് പ്രകൃതിഭംഗി ഉൾകൊണ്ട് നിൽക്കുന്ന എന്റെ വിദ്യാലയം.

പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പാഠ്യ പാഠ്യേതര വിഷയങ്ങളിലും മത്സര പരീക്ഷകളിലും മികവ് പുലർത്താൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത ഉറപ്പിച്ച് പഠനരംഗത്തും കലാകായികരംഗത്തും ഒരു പോലെ മികവ് പ്രകടിപ്പിക്കാൻ ശ്രമിക്കാറുണ്ട്.

വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ വിദ്യാലയം ശ്രമിക്കുന്നു. പൊതുവിദ്യാലയ ശാക്തീകരണത്തിന്റെ ഭാഗമായി, അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവിശ്യമായ ഭൗതികസാഹചര്യം ഒരുക്കികൊണ്ട്, പി.ടി.എ എസ്.എസ്.ജി. ഇവരുടെ പൂർണ്ണ സഹകരണം ഉറപ്പുവരുത്താൻ കഴിയുന്നു.

പ്രകൃതിഭംഗി നിറഞ്ഞ സ്കൂൾ ചുറ്റുപാടും ശിശുസൗഹൃദ പഠനത്തിന് മുൻതൂക്കം നൽകുന്നു.

# വിദ്യാലയ വിവരങ്ങൾ

റവന്യൂ ജില്ല : മലപ്പുറം

സ്കൂൾ കോഡ് : 19644

സ്കൂളിന്റെ പേര് : ജി. എം. എൽ. പി. തിരുത്തി.

മേൽ വിലാസം : ജി.എം.എൽ.പി.തിരുത്തി, കൊടിഞ്ഞി.

പിൻ കോഡ് : 676 309.

ഫോൺ നമ്പർ : 7559894899

മെയിൽ അഡ്രസ്സ് : thiruthi gmlps @gmail.com

ഗ്രാമപഞ്ചായത്ത് : നന്നമ്പ്ര

വിദ്യാഭ്യാസ ജില്ല : തിരൂരങ്ങാടി.

സബ് ജില്ല : താനൂർ

ക്ലാസുകൾ : I - IV

വിഭാഗം : ഗവൺമെന്റ്

മേലധികാരി : റീത്ത കെ.കെ

പഠന മാധ്യമം : മലയാളം

## പൊതു ലക്ഷ്യങ്ങൾ

സ്കൂളിൽ എത്തുന്ന മുഴുവൻ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.

എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് അറബി ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ്

ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടിയുടെ കഴിവ് അഭിരുചി എന്നിവയ്ക്ക് പ്രോത്സാഹനവും തുടർപരിശീലനവും നൽകുക

വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്ത ഒരുക്കം

ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികൾ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുക.

ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷിതാക്കൾക്ക് നൽകും ഇതിനായി വ്യക്തിഗത പി.ടി.എ സംഘടിപ്പിക്കും.

മാലിന്യമുക്തം, ഹരിതച്ചട്ടം, പ്ലാസ്റ്റിക് നിരോധനം, മാലിന്യ നിർമാർജ്ജനം ഇവ കൃത്യമായി നടപ്പാക്കുക.

ലഹരി, മൊബൈൽ അഡിക്ഷൻ, പോക്സോ തുടങ്ങിയവയ്ക്ക് എതിരെ ബോധവൽക്കരണം

# അക്കാദമിക ഭൗതികനേട്ടങ്ങൾ-പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| മികവുറ്റ അധ്യാപകസമൂഹം<br>മികച്ച കെട്ടിട സമുച്ചയം | ഭാഷ, ഗണിതശേഷി കൈവരിക്കാൻ കഴിയില്ല |
| ധാരാളം വായനാപുസ്തകങ്ങൾ<br>'അമൃതം' പഠന പിന്തുണ പദ്ധതി. | സ്വതന്ത്ര-ലൈബ്രറി സംവിധാനമില്ല. |
| കലാ-കായിക മേഖലയിലെ പരിശീലനം | പൊതുവിജ്ഞാന മേഖലകളിലെ പിന്നോക്കാവസ്ഥ |
| സർഗാത്മക വേദികൾ ആശയ പ്രകടന വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം | IT അധിഷ്ഠിത ക്ലാസ് ദൗർലഭ്യം<br>പഠന-പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടുക തന്നെ വേണം. |
| വിവിധ പ്രവർത്തനങ്ങൾ, സർഗാത്മക പ്രവർത്തനങ്ങൾ ദിനാചരണ പ്രവർത്തനങ്ങൾ മികവുറ്റ രീതിയിൽ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം | കമ്പ്യൂട്ടർ ഉപയോഗം കാര്യക്ഷമമാക്കുക. |
| കാർഷിക പ്രവർത്തികൾ ജൈവ അന്തരീക്ഷം ഇവ കുട്ടികൾക്ക് പ്രദാനം ചെയ്യൽ: | |

## ലക്ഷ്യങ്ങൾ

### ഭാഷാവികസനം

എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

എല്ലാ കുട്ടികളും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ ആശയ വിനിമയ ശേഷി നേടിയെന്ന് ഉറപ്പ് വരുത്തുക.

കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.

സർഗാത്മക രചനയ്ക്കുള്ള അവസരം ഒരുക്കുക.

ആശയങ്ങൾ വിവിധ വ്യവഹാര രൂപത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

ഭാഷാശേഷിവികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാശേഷികളെ പരിചയപ്പെടുത്തുക.

മികച്ച വായനാശീലം വളർത്തുക

## ഇംഗ്ലീഷ്

ഇംഗ്ലീഷിൽ ആശയ വിനിമയത്തിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

ഇംഗ്ലീഷ് ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

സ്വതന്ത്രരചനയ്ക്ക് അവസരം നൽകുക.

സാങ്കേതിക വിദ്യാഭ്യാസസാധ്യതകൾ ഉപയോഗിക്കുക.

ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ ഉറവിടങ്ങൾ തയ്യാറാക്കാനായ് രക്ഷിതാക്കളുടെ പിന്തുണയോടെ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക.

## പരിസരപഠനം

ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം, എന്നിവ വികസിപ്പിക്കുക.

ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.

ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർധിപ്പിക്കുക.

ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

ജനാധിപത്യ വേദികൾ ഒരുക്കുക

ജനാധിപത്യ ജീവിതസംസ്കാരം വളർത്തിയെടുക്കുക.

ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ ഇവ സംഘടിപ്പിക്കുക.

ജനാധിപത്യഉത്തരവാദിത്വമുള്ളവരാക്കുക

## ഗണിതം

അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക

ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടിയെന്നുറപ്പാക്കുക.

ആധുനിക സാങ്കേതികവിദ്യകൾ ഗണിത പഠനത്തിന് ഉപയോഗിക്കുക

ഗണിത ചിന്ത, യുക്തി ചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

'ഗണിത വിജയം' സഹായികൾ പ്രയോജനപ്പെടുത്തുക.

## ഐ. സി. ടി സാധ്യതകൾ

വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

അറിവ് നിർമാണ പ്രക്രിയയിൽ വിവര സാങ്കേതിക പ്രക്രിയയുടെ തനത് സാധ്യതകൾ പ്രയോജനപ്പെടുത്തുക.

കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കുവാൻ ഉള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തി പരിചയം

നിർമ്മാണാത്മക കഴിവുകൾ വളർത്തുക

പാഴ് വസ്തുക്കളിൽ നിന്നും പഠന ഉപകരണങ്ങൾ തയ്യാറാക്കുക. ഇതര വിഷയങ്ങളുമായി ബന്ധിപ്പിക്കുക.

## കലാപരിശീലനം

കുട്ടികളിൽ സർഗാത്മക കഴിവുകൾ കണ്ടെത്തുക

കലാഭിരുചി വളർത്തുക. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക.

അത്യാധുനികമായ സാങ്കേതിക വിദ്യകൾ കലാപഠനത്തിന് ഉപയോഗിക്കുക.

ഓരോ കുട്ടിയും ഉന്നതമായ സൗന്ദര്യബോധം ആർജിപ്പിക്കുക. വേണ്ട പരിശീലന പരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരവർ എടുത്ത ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.

എല്ലാ കുട്ടികൾക്കും കായികക്ഷമത ഉറപ്പാക്കുക.

ആരോഗ്യ ശീലങ്ങൾ വളർത്തുക.

ആവാസസ്ഥലം മാലിന്യമുക്തമാക്കുക ഹരിതാഭമാക്കുക.

## അറബിക്

എഴുതാനും വായിക്കാനും പ്രാപ്തരാക്കുക. അറബി ഭാഷാ പഠന നേട്ടങ്ങൾ ഉറപ്പാക്കുക.

വായനാ ശേഷി, എഴുത്ത് ഇവ വളർത്തുക- സംഭാഷണങ്ങൾ ക്ലാസ് മുറിയിൽ ഒരുക്കുക.

അറബിക് ഭാഷാ പഠനത്തിൽ ഐ.ടി സാധ്യതകൾ ഉപയോഗിക്കുക.

## വിലയിരുത്തൽ രേഖപ്പെടുത്തൽ രീതികൾ

## ഡാറ്റ മോണിറ്ററിംഗ്

വിദ്യാർത്ഥികളുടെ പഠനപുരോഗതി ഉറപ്പുവരുത്താനായിട്ടുള്ള അധ്യാപകരുടെ നിരീക്ഷണം, ക്ലാസ് മുറിയിലെ പ്രകടനങ്ങൾ, കുട്ടികളുടെ പങ്കാളിത്തം, പഠന പ്രവർത്തനങ്ങൾ എന്നിവയുടെ തുടർച്ചയായ അവലോകനം ആണ് ഡാറ്റ മോണിറ്ററിംഗ്.

പഠനം കേവലം ലക്ഷ്യമല്ല കുട്ടികളെ അനുഭവത്തിലൂടെ മുന്നേറ്റത്തിലേക്കു നയിക്കുന്നതാണ്.

## പ്രവർത്തന ലക്ഷ്യങ്ങൾ

വിദ്യാലയങ്ങളിൽ HELP-2025 പോലെയുള്ള പഠന പദ്ധതികൾ നടത്തപ്പെടുന്നുണ്ടോയെന്ന് ഉറപ്പാക്കുക.

അധ്യാപകരുടെയും, നേതൃത്വത്തിന്റെയും ക്ലാസിന്റെയും ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.

കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ രജിസ്റ്ററുകൾ, ക്ലാസ് പ്രവർത്തനങ്ങളുടെ പോർട്ട്ഫോളിയോകൾ മുതലായവ പരിശോധിക്കുക.

അധ്യാപകർക്കാവശ്യമായ മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.

വിദ്യാലയത്തിലുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

## വികാസപ്രദ വിലയിരുത്തൽ

വികാസപ്രദ വിലയിരുത്തൽ എന്നത് പഠനപ്രക്രിയയിൽ നിന്നുയരുന്നു. ഒരു സമഗ്രതയും പ്രതിഫലനവും ആണ്. പഠനത്തിലും അധ്യാപനത്തിന്റെ ഇടയിൽ ദിശാബോധം നൽകുന്ന വർത്തമാനമാണ് ഇത്.

കുട്ടിയുടെ അറിവ്, പ്രക്രിയാശേഷി പങ്കാളിത്തം, ആശയവിനിമയ ശേഷി, ആശയധാരണ എന്നിവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ട് പോകുന്ന ശൈലി വർത്തനമാണ്.

## പ്രവർത്തന ലക്ഷ്യങ്ങൾ

കുട്ടിയുടെ പഠനപ്രക്രിയയിൽ പങ്കാളിത്തം ധാരണ, പ്രകടനം രേഖപ്പെടുത്തൽ എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക.

കുട്ടിയുടെ പഠന പുരോഗതിയും താൽപര്യവും തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.

വൈവിധ്യമാർന്ന പഠന രീതികൾ ഉൾപ്പെടുത്തുക.

അധ്യാപകർക്ക് അവരുടെ പഠന നടപടികൾ വിലയിരുത്തുവാനും മെച്ചപ്പെടുത്തുവാനും

പോർട്ട് ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി കുട്ടികളുടെ അതിജീവന വൈവിധ്യങ്ങൾ ഉൾപ്പെടുത്തുക.

## പ്രവർത്തന ഘടകങ്ങൾ - വിലയിരുത്തൽ

പ്രവർത്തന പങ്കാളിത്തം

പ്രവർത്തനം ഏറ്റെടുത്ത ഗ്രൂപ്പിൽ പ്രവർത്തിച്ചു.

ആശയങ്ങൾ പങ്കുവച്ചു

ആശയധാരണ

ഉള്ളടക്കം മനസ്സിലാക്കിയിരിക്കുന്നു.

അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ?

പ്രക്രിയ ശേഷി വിലയിരുത്തൽ

മുൻധാരണകൾ തെറ്റല്ലായിരുന്നു.

പുതിയവ വിജയകരമായി ചേർത്തുവയ്ക്കുക.

## പ്രകടനം / അവതരണം

ഗ്രൂപ്പ് പ്രവർത്തനത്തിനു ശേഷം വ്യക്തിഗതമായി ഫലപ്രദമായി അവതരിപ്പിച്ചു.

കണ്ടെത്തിയ കാര്യങ്ങൾ യുക്തിപൂർവ്വം വിശദീകരിച്ചു.

## വിലയിരുത്തൽ മാർഗങ്ങൾ

നിരീക്ഷണം അഭിമുഖം

റേറ്റിംഗ് സ്കെയിൽ കേസ് സ്റ്റഡി

സ്കെച്ചുകൾ ഡയറി നോട്ടുകൾ

സ്വയം വിലയിരുത്തൽ ഫോറങ്ങൾ

• പോർട്ട്ഫോളിയോ വിലയിരുത്തൽ

സമഗ്ര പുരോഗതി രേഖ

കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക. പുരോഗതി തിരിച്ചറിയുക.

## പ്രവർത്തനഘട്ടങ്ങൾ

### ശേഖരണം-രൂപരേഖ തയ്യാറാക്കൽ

പ്രധാന മേഖലകൾ

* വൈജ്ഞാനികം
* വൈകാരികം
* സാമൂഹികം
* ശാരീരികം
* മാനസികം
* ആചരണ പൂർണ്ണത
* മൂല്യബോധം

ആശയവിനിമയ ക്ഷമത.

സഹപാഠികളുമായുള്ള ഇടപെടൽ/സഹകരണം

വിലയിരുത്തലിന്റെ ഘട്ടങ്ങൾ നിർണയിക്കൽ

നിരീക്ഷണ മേഖലകൾ

അധ്യാപക കമന്റുകൾ

പി. ടി. എ വിലയിരുത്തൽ

ക്ലാസ് പ്രവർത്തന പ്രകടനങ്ങൾ

### കാലാനുസൃതമായ രേഖപ്പെടുത്തൽ

മാസപ്പരവും പാഠപരവും ആയ നിരീക്ഷണങ്ങളും വിലയിരുത്തലുകളും രേഖപ്പെടുത്തുക.

കുട്ടിയുടെ സ്വഭാവ വ്യത്യാസങ്ങൾ

വളർച്ചാപടവുകൾ

## അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ - വികസന ലക്ഷ്യങ്ങൾ

* ഭാഷാശേഷി വികസനം
* ഗണിതശേഷി വികസനം
* ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
* വായനശേഷി വർദ്ധിപ്പിക്കൽ
* ശാസ്ത്ര പോഷണ പരിപാടി
* പ്രതിഭ പോഷണ പരിപാടി
* ലൈബ്രറി ശാക്തീകരണം
* ജൈവ വൈവിധ്യ പാർക്ക് ഒരുക്കൽ
* LSS പരിശീലനം
* പഠനയാത്രകൾ
* ഫീൽഡ് ട്രിപ്പുകൾ
* സ്കൂൾ പത്രം മാഗസിൻ
* ചുമർ പത്രങ്ങൾ
* അധ്യാപക ശാക്തീകരണം SRG
* പ്രവൃത്തിപരിചയ പരിശീലനം
* കലാ പരിപോഷണം
* പച്ചക്കറി തോട്ടം
* സാഹിത്യ ശിൽപശാലകൾ
* മെഡിക്കൽ ക്യാമ്പുകൾ
* ഭാഷാ ലാബ്
* ദിനാചരണങ്ങൾ
* ക്ലാസ് പി. ടി. എ.

വിഷയം : മലയാളം ക്ലാസ് : 1 A

## ലക്ഷ്യ പ്രസ്താവന

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|
| അടിസ്ഥാനഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥകളും മായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | ക്ലാസ് ടീച്ചർ SRG SMC സ്കൂൾ വികസന സമിതി | സെപ്റ്റംബർ — ഒക്ടോബർ |
| | 2) അമ്മ പറയട്ടെ അമ്മമാർ കുട്ടികഥകൾ അവതരിപ്പിക്കട്ടെ | ക്ലാസ്ടീച്ചർ SRG മദർ പി.ടി.എ | ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ |

ക്ലാസ് : II    ഉപമേഖല : ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലൂടെ ലേഖനമികവ് | 1) ചിത്രവും കുറിപ്പും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ<br>2) ലഘുപതിപ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയുണർത്താം | 1) രചനാശില്പശാല<br>കഥ കവിത രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SRG<br>SRG |

ക്ലാസ് : III    ഉപമേഖല : ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| സാഹിത്യ പ്രതിഭ കളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | എസ്.എം.സി അധ്യാപകർ |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ - ഡിസംബർ | |
| | 3) ചിത്രഗ്യാലറി | ജനുവരി | എസ്.എം.സി അധ്യാപകർ |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | മദർ. പി.ടി.എ ക്ലബ്ബ് SMC |
| | 2) വായനക്കുറി | ആഴ്ചയിൽ | എസ്.ആർ.ജി |
| | 3) നാട്ടുവായന- പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം. | ആഗസ്ത് | വായനശാല ക്ലബുകൾ സാഹിത്യ ക്ലബ് |

ക്ലാസ് : IV  മേഖല : ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | •ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ് ടീച്ചർ |
| വായിക്കാം വളരാം വായനാശേഷി വളർത്തൽ | •ക്ലാസ് വായനക്കൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തകപരിചയം വായന കുറിപ്പ്. ആസ്വാദന കുറിപ്പ് ആനുകാലിക വായന | വർഷം മുഴുവൻ | HM SRG Class Teacher CPTA |
| എഴുതാം തെളിയാം | •പാഠഭാഗങ്ങളിൽ നിന്നും •പഠന പ്രവർത്തനങ്ങളിൽ | | |

| | | | |
|---|---|---|---|
| | ...ാമം നേടിയ ശേഷികൾ | വർഷം മുഴുവൻ | SRG Class Teacher |
| എഴുത്തുകാരുമായി സംവാദം | • സാഹിത്യകാരൻമാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher |
| 'അറിവ്' ഡോക്യുമെന്ററിയിലൂടെ (ICT) | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശനം | വർഷത്തിൽ ഒരു പ്രാവിശ്യം | SRG Class Teacher CPTA |
| രുചിച്ചറിയാം | • ഭക്ഷ്യമേള സംഘടിപ്പിക്കൽ ക്ലാസിലൊരു സദ്യ | | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരൻമാർ ജൻമ- ചരമ ദിനാചരണം) | • ഓർമദിനം ആചരിക്കൽ പുസ്തക പരിചയം, പതിപ്പ് തയ്യാറാക്കൽ | ആവശ്യാനുസരണം | |
| സർഗോത്സവം | • കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM SRG CPTA Class Teacher |

ക്ലാസ്: I ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കളികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം-ലളിതമാക്കൽ | 1) ഗണിതവാരം സിൻ | ജൂൺ - മാർച്ച് | സി.പി.ടി.എ |
| | 2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം. ഏകദിന ക്യാമ്പ് | സപ്തംബർ | ക്ലാസ് ടീച്ചർ |
| | 3) ഗണിത ക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ |

ഗ്രൂപ്പ് : II . ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | 1) ഒരു ദിനം ഒരു ചോദ്യം കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ | ആഴ്ചയിൽ മൂന്ന് ദിനം | SRG class Teacher |
| | 2) ഗണിത ക്യാമ്പ് കളികളിലൂടെ ഗണിതം പരിചയപ്പെടൽ. | മാസത്തിൽ ഒന്ന് ദിനം | SRG class Teacher |

ക്ലാസ്: 1 മേഖല: പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ആഹാരത്തിലുള്ളതും ഭക്ഷണവസ്തുക്കളുടെ പോഷകങ്ങളും തിരിച്ചറിവ് | ഭക്ഷ്യമേള - പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ ജൂലൈ ആഗസ്റ്റ് | ക്ലാസ്ടീച്ചർ SRG SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധങ്ങളും ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | SRG SMC |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
| --- | --- | --- | --- |
| ശുചിത്വബോധമുള്ള വ്യക്തിത്വവും നാടും സൃഷ്ടിക്കുന്നതിന് | ശുചിത്വ ക്ലാസുകൾ ടീമുകൾ, പോസ്റ്റർ പ്രചാരണ പരിപാടി നിർമ്മാണം. | ജൂൺ ജൂലൈ | SRG SMC ടീച്ചർ |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം കാഴ്ച മാത്രം വിലപ്പെട്ട് കാണാം കാഴ്ചകൾ | സെപ്റ്റംബർ ഡിസംബർ | ടീച്ചർ SRG SMC |
| നാടറിയാൻ — നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം, കൃഷിയിടത്തിലേക്ക് നമുക്കും കർഷകർ ആകാം. | ജനുവരി | SRG SMC നാട്ടുകാർ |

## ക്ലാസ് : 3  ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തൽ<br>കുറിപ്പ് തയ്യാറാക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴി നിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | |
| ശാസ്ത്ര-പരീക്ഷണങ്ങളിലെ പങ്കാളിത്തം | ശാസ്ത്ര പ്രതിഭകളെ അടു-ത്തറിയാം<br>പരീക്ഷണം വീടിനകത്തും<br>ശാസ്ത്ര മാസികകൾ | | |

Standard : 4 Subject english.

| Aim | Activities | Duration. |
| --- | --- | --- |
| Describe the picture | picture description, Teacher show the picture. ~~discuss~~ discussion. children talk about the picture. Slow Learners: give oppertunity to express their ideas. | June- July |
| Arrange the word in alphabatical order | Dictionary : Introducing the dictionary give words. arrange the words. | August |
| Conversation. | Add more exchanges to the conversation suitable for the context. | November |
| Let's read | provide the oppertunity to read simple stories and poems. tell the stories they read. | |
| Make simple riddles. | Give the children the oppertunity to hear and give answers. Simple riddles. make simple riddles. | February March. |
| Add lines to the poem | Play the audio song, Sing after audio, Add lines. | |

# Academic Master Plan 2025-25

## Arabic.

ലക്ഷ്യങ്ങൾ :-

1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്ത് രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്.
2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ് വായന, പദനിർമ്മാണം, പദശേഖരണം.
3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു, പറയുന്നു.
4. കഥ, കവിത എന്നിവ കേട്ട് ~~ആസ്വദി~~ ആസ്വദിക്കുന്നതിന്
5. മാഗസിൻ നിർമ്മാണം.
6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു.

| ഉപ ലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുമ്പിൽ പങ്കിടുന്ന രീതികൾ | നിർവഹണ കാലയളവ് |
| --- | --- | --- | --- | --- | --- |
| 1. അക്ഷര വായന<br>* എഴുത്തു രീതി<br>* ചിഹ്നങ്ങൾ ചേർത്തു വായന | 1. അക്ഷര കാർഡുകൾ നൽകുന്നു.<br>2. അക്ഷരങ്ങൾക്കു നിറം നൽകാൻ<br>3. ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു.<br>4. അക്ഷരങ്ങൾക്ക് outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു.<br>5. ICT ഉപയോഗിക്കുന്നു. | 1. തെറ്റായ രീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നു.<br>2. രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു.<br>3. അക്ഷര പഠന സഹായി ഉപയോഗിക്കുന്നു.<br>4. വീടുകളിൽ അക്ഷര ചാർട്ട് | 1. കുട്ടികൾ വായിക്കുന്നു. ഉച്ചാരണ ശുദ്ധി ഉണ്ടാകുന്നു.<br>2. ചിഹ്നങ്ങൾ തിരിച്ചറിയുന്നു | CPTA | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |

| | | | | | |
|---|---|---|---|---|---|
| പദനിർമ്മാണം<br>പദശേഖരണം | 1. അക്ഷരക്കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു.<br>2. പാഠപുസ്തകങ്ങൾക്കു പുറമെ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം.<br>3. പദനിർമ്മാണ മത്സരങ്ങൾ നടത്തുന്നു. | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു.<br>ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം. | കുട്ടി നിഷ്പ്രയാസം പദങ്ങൾ നിർമ്മിക്കുന്നു. | CPTA | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു. | പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ നിത്യജീവിതത്തിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു. | വീടുകളിലും സന്ദർഭത്തിനനുസരിച്ച് പറഞ്ഞു ശീലിക്കാൻ | ഉപചാര വാക്കുകൾ കൃത്യമായി ഉപയോഗിക്കുന്നു. | CPTA | ആഗസ്റ്റ്<br>സെപ്റ്റം[illegible]<br>ഒക്ടോബ[illegible]<br>നവംബ[illegible] |

| | | | | | |
|---|---|---|---|---|---|
| കവിത കേട്ട് ആസ്വദിക്കുന്നു.<br><br>മാഗസിൻ നിർമ്മാണം | ചെറിയ കവിതകൾ, കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരമാക്കുക പുതിയ പദങ്ങൾ ഏതെന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു.<br>ചിത്രങ്ങൾ വരക്കാം. | ചെറിയ കഥാ കവിത ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു. ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു. | ചിത്രങ്ങൾ അക്ഷരങ്ങൾ പദങ്ങൾ, ഉപചാര വാക്കുകൾ, കഥ കവിത ശേഖരിച്ച് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം | CPTA | ഡിസംബർ-മാർച്ച് |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ ഉൾക്കൊള്ളിച്ച ചെറിയ വിവരങ്ങൾ നൽകുന്നു. | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായം തേടുന്നു. | | | ജൂൺ-മാർച്ച് |

G.M.L.P. SCHOOL PIN: 676 309

REETHA .K.K PEN: 587146 HEADMISTRESS GMLP SCHOOL THIRUTH P.O. KODINHI - 676 30

ക്ലാസ് : IV   ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ അനുസൃതമായി ചെയ്യൽ നടപ്പാക്കൽ [മൂല്യനിർണ്ണയം] ഏണിയും പാമ്പും, ഡയസ് കളി സങ്കലനം വ്യവകലനം | വർഷം മുഴുവൻ | SRG class Teacher |
| ഒറിഗാമിയിലൂടെ പഠിക്കാം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ | class Teacher |
| ഗണിതലാബ് | ഗണിത ലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG Teacher |
| ഗണിതചുമർ | ഗണിത ചുമർ ഒരുക്കൽ - ഉപയോഗപ്പെടുത്തൽ | ആവശ്യാനുസരണം | SRG |
| ഗണിതമേള - ശില്പശാല | പഠനോപകരണങ്ങൾ നിർമ്മാണം, പ്രദർശനം പ്രശ്നോത്തരി, പസിൽ പാറ്റേൺ, ഉൽപന്നപ്രദർശനം | വർഷത്തിലൊന്ന് | SRG Teacher |

Standard : 3 Subject : English

| Aim | Activities | Duration |
|---|---|---|
| ① Speak, Read, and write english without mistakes.<br>① listening skills<br>speaking skills | Games, action words/songs, Hello English activities, conversations skit, stories and ICT<br><br>Identify the naming words from the picture.<br>Identify the action words, make simple sentences, make symbol description speech, book review, quiz, riddles, self introduction. | June<br>July<br><br>August<br>November |
| Reading skill | Newspaper Reading, library books readings, book review, Read notice. | |
| Writing skill | Diary, letter, announcement, Description, Notice, Thought. | February<br>March. |
| E- Qube class | All activity - include e-Qube | June to March |

## ക്ലാസ് : III ഉപമേഖല ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശിൽപശാല<br>രസകരമായി ഗണിതപഠനവും നിർമ്മാണ പ്രവർത്തനങ്ങളും ആസൂത്രണവും<br>ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ | | എസ്.ആർ.ജി.<br>പി.ടി.എ |
| ശക്തി ഗണിതം ലളിതമാക്കാം കളി കളിലൂടെ | മെട്രിക് മേള<br>ഗണിതോത്സവം | | S·R·G<br>ക്ലാസ് ടീച്ചർ |

Standard : II Subject : English

| Aim | Activities | Duration. |
|---|---|---|
| To speak, read, and write English without any mistake | pre Test - To check the vocabulary and writing skills of pupils | June July |
| skills - speaking skills | Identify the naming words from the picture. Identify the action words. Self introduction, assembly also conducted. Sing the songs. | August September |
| Reading - writing skills | News paper reading, diary letter's read from friends library books e.t.c. | february and March |
| E - Qube class | Letter writing, Diary, description, announcement add more lines. | June - March. |

Standard : 1 Subject : English

Aim

To Speak Read and write english without any mistakes.

| Aim | Activities | Duration |
|---|---|---|
| Skills | To devolve reading skills and listening skills description growing sentence, picture reading riddles quiz | June - July |
| Reading skills | Reading breaking News find words from reading materials, rhyming words from text book activities | July - march |
| writting skills | make word web picture description, word chain, wordweb story telling, Riddles | December march |
| E cube class | conversation. | June - march |

പരിസരപഠനം Std : IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| പ്രകൃതിനടത്തം നിരീക്ഷണം- അറിവു നിർമ്മാണം | ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | PTA |
| ശാസ്ത്രമൂല ശാസ്ത്രപഠനം ലളിതവും രസകരവും ആക്കൽ | ശാസ്ത്രപഠനസാമഗ്രികൾ ഒരുക്കൽ. പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | PTA SSA |
| ശാസ്ത്രയാത്ര. ശാസ്ത്രപഠന- ത്തിൽ താൽപര്യം ജനിപ്പിക്കൽ | വാനനിരീക്ഷണകേന്ദ്രം, സയൻസ് പാർക്ക് ശാസ്ത്ര- മെഡിക്കൽ പ്രദർശനങ്ങൾ | ആവശ്യാനുസരണം | PTA SSA |
| ഭൂപടമൊരുക്കാം | ഭൂപടവായന, ഭൂപടരചന | വർഷത്തിൽ ഒന്ന് | PTA |
| കേരളം- ഇന്ത്യ ഭൂപടവായന ശാസ്ത്രോത്സവം- ശാസ്ത്രമാസിക | ശാസ്ത്രപതിപ്പ്, ചാർട്ട് ആൽബം, പഠനോപകരണം ഇവയുടെ പ്രദർശനം | ആവശ്യാനുസരണം | PTA |